## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2832.

27.01.2014-ലെ മറുപടിയ്ക്ക്

## ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി.വിൻസെന്റ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വിനോദ സഞ്ചാര വികസന മേഖലയിൽ കായലോര ടൂറിസം വികസനം ലക്ഷ്യമിട്ട് പ്രമുഖ കായൽ ശൃംഖലയിൽ ഉൾപ്പെട്ട ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചതിന് പുറമെ 4.62 കോടി രൂപയുടെ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും നല്കിയിട്ടുണ്ട്. ഇപ്രകാരം 52.25 കോടി രൂപയുടെ പദ്ധതി 2 വർഷത്തിനകം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) വിനോദ സഞ്ചാര വികസന മേഖലയിൽ കായലോര വിനോദ സഞ്ചാരം ഒരു ശൃംഖലയായി ബന്ധപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. |

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുനർനിർമ്മാണം, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂകുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ ബോട്ട് ടെർമിനൽ വട്ടക്കായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ, എന്നിവിടങ്ങളിലെ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ സൗകര്യങ്ങൾ/പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്.

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ